ഉത്തരം

(എ) 8 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളത്.

(ബി) ഒന്നും പൂർത്തിയാക്കിയിട്ടില്ല.

(സി) പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

1. ഭാരതപ്പുഴയ്ക്ക് കുറുകെ പറളിയിൽ ആറു തടയണകളുടെ ശ്രൃംഖല.
2. ഭാരതപ്പുഴയ്ക്ക് കുറുകെ കൊടുമ്പ കാളീക്ഷേത്രത്തിനു സമീപം ഒരു തടയണ.
3. മുതമല പഞ്ചായത്തിൽ പെരുമുടിയൂരിൽ ഒരു തടയണ.
4. പട്ടാമ്പി പഞ്ചായത്തിൽ പട്ടാമ്പി കോസ്വേയുടെ മുകൾഭാഗത്ത് ഒരു തടയണ.
5. ഓങ്ങല്ലൂകൾ പഞ്ചായത്തിൽ ചങ്ങണാംകുന്നിൽ ഒരു തടയണ.
6. പരുതൂർ പഞ്ചായത്തിൽ കൂട്ടക്കടവിൽ ഒരു തടയണ.
7. ഭാരതപ്പുഴ കുറുകെ ഷൊർണ്ണൂർ മുണ്ടായിയിൽ ഒരു തടയണ.
8. ഭാരതപ്പുഴയ്ക്ക് കുറുകെ കൂരംമ്പാറ നെല്ലിപ്പുഴയിൽ ഒരു തടയണ.

ഇതിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പറളിയിൽ ആറു തടയണകളുടെ ശ്രൃംഖലക്കും കൊടുമ്പ കാളീക്ഷേത്രത്തിനടുത്തു ഒരു തടയണയുടെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഴയ പറളി റെയിൽവേ സ്റ്റേഷൻ അടുത്തുള്ള തടയണയുടെ നിർമ്മാണം 12 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്. മറ്റ് തടയണകളുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നു. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ അനുമതിയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് വിശദമായ പഠനവേഷണം നടത്തി പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തമിഴ്നാട് ചോർത്തുന്ന ജലത്തിന്റെ അളവ്

165 [1819] ശ്രീ. യു. സി. രാമൻ:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ടി. എം. സി. ജലമാണ് കേരളത്തിൽ നിന്ന് തമിഴ്നാട് വെള്ളം ചോർത്തുന്നത് വഴി നഷ്ടപ്പെടുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു തടയാൻ എന്തു നടപടി എന്നത്തേയ്ക്ക് സ്വീകരിക്കുമെന്ന് വ്യക്ത മാക്കുമോ?

ഉത്തരം

(എ) മൂലത്തറ റഗുലേറ്ററിനും മണക്കടവ് വിയറിനും ഇടയ്ക്ക് 5 കി. മീ. ദൈർഘ്യം വരുന്ന പ്രദേശത്തു നിന്നും തമിഴ്നാട്ടിലെ ചില കർഷകർ നടത്തുന്ന അനധികൃത പമ്പിംഗ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ചോർത്തുന്ന വെള്ളം ഏകദേശം 1 ടി.എം. സി. ആണെന്നാണ് കേരളം കണക്കാക്കുന്നത്.

(ബി) 4-1-2004-ൽ തിരുവനന്തപുരത്ത് നടന്ന അന്തർസംസ്ഥാന മന്ത്രിതല ചർച്ചയിൽ തമിഴ്നാട്, അനധികൃത പമ്പുസെറ്റുകൾ ഉടനടി നീക്കം ചെയ്യുന്നതാ ണെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. അനധികൃത പമ്പുസെറ്റുകൾ നീക്കം ചെയ്യുന്നത് പരിശോധിക്കാൻ കേരളം ചിറ്റൂർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയോഗിച്ചിട്ടുണ്ട്. പമ്പുസെറ്റുകൾ നീക്കം ചെയ്തുകൊണ്ടിരിക്കുക യാണെന്ന് തമിഴ്നാട് ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്.

മണൽ വിൽപ്പന മുഖേന ലഭിക്കുന്ന വരുമാനം നദികളുടെ സംരക്ഷണത്തിന് വിനിയോഗിക്കുവാൻ വ്യവസ്ഥ

166 [1822] ശ്രീ. എ. സി. മൊയ്തീൻ:

„ പിരപ്പൻകോട് മുരളി:

„ മത്തായി ചാക്കോ:

„ വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലെ മണൽ വിൽപ്പന മുഖേന ലഭിക്കുന്ന വരുമാനം നദികളുടെ സംരക്ഷണത്തിന് വിനിയോഗിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ലഭിച്ച വരുമാനം നദികളുടെ സംരക്ഷണത്തിന് ചെലവഴിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ സർക്കാരിന് കഴിയുന്നുണ്ടോ;

(സി) ഈ വരുമാനത്തിൽനിന്നും ഇതിനകം ഏതെല്ലാം നദികളുടെ സംരക്ഷണത്തിന് എന്തു തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ എന്തു തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly